**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5441** | **15-03-2023 - ൽ മറുപടിയ്ക്ക്**

**വി കെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹായമർഹിക്കുന്ന മുഴുവൻ ആളുകൾക്കും കൈത്താങ്ങാകാൻ കഴിയുന്നവിധം സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തനം പരിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സഹായമർഹിക്കുന്ന ആളുകൾക്കു കൈത്താങ്ങാകാൻ കഴിയുന്ന വിധം കേരള സാമൂഹ്യ സുരക്ഷാ മിഷൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന വി കെയർ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | വികെയർ പദ്ധതിയുടെ പുരോഗതി സാമൂഹ്യ സുരക്ഷാ മിഷന്റെ ഗവേർണിംഗ് ബോഡി യോഗത്തിൽ കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്. |
| (സി) | വി കെയർ പദ്ധതിയുടെ ആനുകൂല്യങ്ങൾക്കായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | അപേക്ഷകൾ വി കെയറിന്റെ വിവിധ കമ്മിറ്റികളിൽ പരിഗണിച്ചാണ് സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | വി കെയർ പദ്ധതിയിലേക്കുള്ള ധനസമാഹരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ഇതിലേക്ക് ധനസമാഹരണം നടത്തുന്നതിന് തദ്ദേശ, സഹകരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | വി കെയർ പദ്ധതി മുഖേന ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം ലഭിക്കുന്നില്ല. വിവിധ സർക്കാർ-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, ദേശീയ-അന്തർ ദേശീയ ഏജൻസികൾ എന്നിവയിലൂടെ ലഭിക്കുന്ന സംഭാവനകൾ മുഖേനയാണ് വി കെയർ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി വി കെയർ പേമെന്റ് ഗേറ്റ്‌വേ സംവിധാനം നിലവിലുണ്ട്. നിലവിൽ ധനസമാഹരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ അംഗീകാരമുള്ള ഒരു സ്റ്റാർട്ടപ്പ് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. CEO മീറ്റ് നടത്തുക, CSR ഫണ്ട് സമാഹരിക്കുക, വികെയർ പേമെന്റ് ഗേറ്റ് വേ വഴി സംഭാവന നൽകാൻ കഴിയുന്നവരിലേക്ക് പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | വിവരങ്ങളെത്തിക്കുക, തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടേയും, സഹകരണ സ്ഥാപനങ്ങളുടേയും സഹായം ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്. എൻ.എസ്.എസ്-എൻ.സി.സി വോളന്റിയർമാരുടെ സഹകരണത്തോടെ കേരളത്തിലെ വിവിധ കലാലയങ്ങളിൽ ധനസമാഹരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കി വരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ ധനവിനിയോഗമടക്കമുള്ള കാര്യങ്ങൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ സുതാര്യ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | വി കെയർ പദ്ധതി സുതാര്യമായ രീതിയിലാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുന്നതിനും ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ